# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 19 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### സന്നിധാനത്ത് പുതിയ പോലീസ് ബാച്ച് ചുമതലയേറ്റു; ഭക്തരുടെ നീക്കം സുഗമമാക്കണമെന്ന് ഡി.ജി.പി.

ശബരിമല: സന്നിധാനത്ത് സേവനത്തിനായി കേരള പൊലീസിന്റെ നാലാമത്തെ ബാച്ച് പ്രവർത്തനം ആരംഭിച്ചു. ഓഫീസർമാരെക്കൂടാതെ ആയിരത്തിഎണ്ണൂറ് പൊലീസുകാരാണ് ഇന്നലെ പുതുതായി ജോലിയിൽ പ്രവേശിച്ചത്. സന്നിധാനത്തെ തിരക്ക് കൂടുന്നതിനനുസരിച്ച് അയ്യപ്പൻമാരുടെ സുഗമമായ ദർശനം ഉറപ്പുവരുത്താൻ പൊലീസിന് ബാധ്യതയുണ്ടെന്ന് പുതിയ ബാച്ചിനെ അഭിസംബോധനചെയ്ത് ഡി.ഐ.ജി പി.വിജയൻ പറഞ്ഞു. ശബരിമല ഡ്യൂട്ടി വളരെ ഗൗരവമുള്ളതാണ്. സാധാരണ ക്രമസമാധാന പ്രശ്നം കൈകാര്യം ചെയ്യുന്നതുപോലെയല്ല ഇത്. ക്ഷേത്രത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം വേഗത്തിൽ ഭക്തരെ പതിനെട്ടാംപടിയിൽ കടത്തിവിടുകയും സുഗമമായ ദർശനം ഉറപ്പുവരുത്തുകയും വേണം. ഫയർ ഫോഴ്സ്, എക്സൈസ്, ദേവസ്വം ബോർഡ് ജീവനക്കാർ എന്നിവരുമായി ഇഴുകിച്ചേർന്നാണ് പൊലീസ് പ്രവർത്തിക്കേണ്ടത്. 32 വകുപ്പുകളുമായി സഹകരിച്ചാണ് മുന്നോട്ടുപോകേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

പുതിയതായി സുരക്ഷാചുമതലയേറ്റ ബാച്ചിൽ ഒരു എസ്.പി., ഒരു എ.എസ്.പി, 19 ഡിവൈ.എസ്.പി.മാർ, 36 സി.ഐ.മാർ, 1520 പൊലീസുകാർ എന്നിവർ ഡ്യൂട്ടിയ്ക്കുണ്ട്. കമാന്റോവിഭാഗത്തിന് രണ്ടു ഇൻസ്പെക്ടർമാർ, നാല് എസ്.ഐമാർ 42 സിവിൽ പോലീസ് ഓഫീസർമാർ, ക്വിക് റെസ്പോൺസ് ടീമിൽ രണ്ട് എസ്ഐ, 30 സിവിൽ പോലീസ് ഓഫീസർമാർ, ബോംബ് സ്ക്വാഡിൽ ഒരു സിഐ, ആറ് എസ്ഐ, 110 സിവിൽ പോലീസ് ഓഫീസർമാർ എന്നിവരെ വിന്യസിച്ചിട്ടുണ്ട്.

ഒരു സിഐയുടെ നേതൃത്വത്തിലാണ് പോലീസ് ടെലികമ്യൂണിക്കേഷൻ വിഭാ

ഗം പ്രവർത്തിക്കുന്നത്. ഒരു സിഐ, പത്ത് എസ്ഐമാർ, ആറ് സിവിൽ പോലീസ് ഓഫീസർമാർ എന്നിവരും ഈ വിഭാഗത്തിലുണ്ട്. ഒരു എസ്ഐയുടെ നേതൃത്വത്തിൽ 20 പോലീസുകാരുടെ സേവനമാണ് സന്നിധാനം പോലീസ് സ്റ്റേഷനിൽ ഉള്ളത്. ഇന്റലിജൻസ് വിഭാഗം ഡിവൈഎസ്പിയുടെ കീഴിൽ പത്തൊൻപത് മറ്റ് സേനാംഗങ്ങളുമായി പ്രവർത്തിക്കുന്നു. ഷാഡോപോലീസ് വിഭാഗത്തിൽ നാല് എസ്ഐമാരും ആറ് സിവിൽപോലീസ് ഓഫീസറുമാണ് പ്രവർത്തുക്കുന്നത്. ഇവരുടെ സേവനകാലവധി 29 വരെയാണ്. സന്നിധാനം സ്പെഷ്യൽ ഓഫീസർ എൻ. വിജയകുമാർ, കാർത്തികേയൻ ഗോകുലചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

### കെ.സി.വേണുഗോപാൽ എം.പി.<br>ശബരിമല ദർശനം നടത്തി

ശബരിമല: ആലപ്പുഴ എം.പി. കെ.സി. വേണുഗോപാൽ ഇന്നലെ ശബരിമല ദർശനം നടത്തി. ഞായറാഴ്ച രാത്രി സന്നിധാനത്തെത്തിയ എം.പി. ഇരുമുടിക്കെട്ടുമായി അയ്യപ്പനെ തൊഴുതു. തുടർന്ന് തിങ്കളാഴ്ച രാവിലെ നിർമ്മാല്യ ദർശനവും ഗണപതിഹോമവും കഴിഞ്ഞാണ്  മടങ്ങിയത്. മുപ്പതാമത്തെ തവണയാണ് എം.പി. ശബരിമല അയ്യപ്പ ദർശനത്തിന് എത്തുന്നത്. ആലപ്പുഴ പഴവീട് അമ്പലത്തിലായിരുന്നു കെട്ടുമുറുക്ക്.

### ഭക്തിയിൽ ലയിപ്പിക്കുന്ന അഷ്ടപദിലയം

ശബരിമല: സ്വാമി ഭക്തരെ ഭക്തിസംഗീതത്തിന്റെ ഗിരിശൃംഗത്തിലെത്തിക്കുന്ന സോപാനസംഗീത അഷ്ടപദിലയം 'ചന്ദനചർച്ചിതം' സിഡി സന്നിധാനം വലിയ നടപ്പന്തൽ ഓഡിറ്റോറിയത്തിൽ വച്ച് പ്രകാശനം ചെയ്തു. സന്നിധാനം സ്പെഷ്യൽ പോലീസ് ഓഫീസർ എൻ. വിജയകുമാർ, കാട്ടൂർ ഹരികുമാറിന് നൽകിയാണ് പ്രകാശനം ചെയ്തത്. തുടർന്ന് കാട്ടൂർ ഹരികുമാർ, ശിവകുമാർ അമൃതകല തുടങ്ങിയവർ സംഗീതാർച്ചന നടത്തി. ഭദ്രൻ മല്ലപ്പള്ളി, അഭിലാഷ് കല്ലൂപ്പാറ തുടങ്ങിയവർ മൃദംഗത്തിൽ അകമ്പടിയായി. പ്രസന്നഗോപാൽ കീ ബോർഡിലും പ്രേംകുമാർ സാംബ്ലറിലും പക്കമേളം ഒരുക്കി. സുജിത് ആറൻമുള പുല്ലാങ്കുഴൽ വായിച്ചു. സുനിൽ കല്ലൂപ്പാറ കൂടെ പാടി. ശ്ലോകം, ശരണംശ്രീ, ഹരിഹരതനയ, കണ്ണുതൊഴുന്നേൻ, ചന്ദനചർച്ചിത, ശ്രീഭൂതനാഥ, കേചരപൂജിത, പ്രളയപയോധിജലേ എന്നിങ്ങനെ എട്ട് സംഗീത ശില്പങ്ങളാണ് സിഡിയിലുള്ളത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 19 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിക്കും

ശബരിമല: ശബരിമല മഹോത്സവത്തോടനുബന്ധിച്ച് അയ്യപ്പൻമാരുടെ സൗകര്യം വർധിപ്പിക്കുന്നതിനും ശബരിമലയുടെ വൃത്തി നിലനിർത്തുന്നതിനുമായി വിവിധ വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിക്കും. സന്നിധാനം ദേവസ്വം കോംപ്ലക്സിൽ വച്ച് ചേർന്ന വിവിധ സർക്കാർ-സർക്കാർ ഇതര ഉദ്യോഗസ്ഥൻമാരുടെ അവലോകന യോഗത്തിലാണ് തീരുമാനം.

വകുപ്പുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് യോഗം വിലയിരുത്തി.ഡ്യൂട്ടി മജിസ്ട്രേറ്റിന് കീഴിൽ ഇതുവരെ വിവിധ ഇടങ്ങളിൽ നടത്തിയ പരിശോധനകളിൽ 46 കേസുകളിലായി രണ്ടുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ പിഴ ഈടാക്കിയതായി യോഗത്തിൽ പറഞ്ഞു. സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കായി ഒമ്പതു സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ നാല് സ്ക്വാഡ് രാത്രിയിലും പ്രവർത്തനനിരതമാണെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു. അണ്ടർപാസിന് സമീപം തേങ്ങ അടിക്കുന്നത് എടുത്തുമാറ്റുന്നതിന് ഒരു സ്രൂപ്പർവൈസറെ നിയോഗിച്ചിട്ടുണ്ട്. കുടിവെള്ള ടാങ്കുകളിൽ മാലിന്യം ഒഴിവാക്കാൻ സ്റ്റെയിൻലെസ് സ്റ്റീൽ മൂടി ഉപയോഗിക്കാൻ നിർദ്ദേശിച്ചതായി ഫുഡ്സേഫ്റ്റി വിഭാഗം അറിയിച്ചു. അപ്പം, അരവണ പ്ലാന്റുകളിൽ ട്യൂബ് ലൈറ്റിനുകീഴിൽ സംരക്ഷണ മറ വേണമെന്ന് അവർ നിർദ്ദേശിച്ചു. പിഴ അടച്ചിട്ടും നിയമ ലംഘനം നടത്തിയതിനാൽ ഒരു കട അടപ്പിച്ചതായും അവർ

അറിയിച്ചു.

മരക്കൂട്ടത്ത് വനം വകുപ്പിന്റെ എക്കോ ഡവലപ്മെന്റ് സൊസൈറ്റി നടത്തുന്ന കടയിൽ എണ്ണ മാറ്റാതെ ഉപയോഗിച്ചതായി പരാതി ലഭിച്ചതായി യോഗത്തിൽ ചൂണ്ടിക്കാട്ടി. എന്നാൽ എല്ലാ 24 മണിക്കൂർ കൂടുമ്പോഴും എണ്ണ നീക്കം ചെയ്യണമെന്ന് നിർദ്ദേശം ഉള്ളതാണെന്നും അവിടെ പഴയ എണ്ണ കുപ്പിയിലാക്കി നീക്കം ചെയ്യാൻ സൂക്ഷിച്ചതാണ് തെറ്റിദ്ധാരണ ഉണ്ടാക്കിയതെന്നും ഇത്തരത്തിൽ സൂക്ഷിക്കാതെ ഉടൻ ഒഴിവാക്കണമെന്ന് നിർദ്ദേശം ന്‌ൽകിയതായി വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

ചാലക്കയം-പ്ലാപ്പള്ളി റൂട്ടിൽ മൊബൈൽ റേഞ്ചില്ലാത്തയിടത്ത് ബിഎസ്എൻഎൽ, സെൽ ഓൺ വീൽ സംവിധാനം ഉപയോഗിച്ച് താൽക്കാലിക സംവിധാനം ഏർപ്പെടുത്തി പ്രശ്നം പരിഹരിച്ചതായി ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥർ യോഗത്തിൽ പറഞ്ഞു.
വാട്ടർ അതോറിട്ടി തങ്ങളുടെ കുടിവെള്ള കിയോസ്കുകൾ ദിവസവും ക്ലീൻ ചെയ്യുന്നതായി വ്യക്തമാക്കി.

വനം വകുപ്പ് മൂന്നിടങ്ങളിൽ നിലവിൽ ചുക്കുവെള്ള വിതരണം നടത്തുന്നുണ്ട്. ഇതിനുവേണ്ടി ദേവസ്വം ബോർഡ് ആവശ്യപ്പെട്ട ആറ് കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരിടത്ത് ദേവസ്വം ബോർഡ് കുടിവെള്ള വിതരണം തുടങ്ങി. മരക്കൂട്ടത്ത് 15 കസേര സ്ഥാപിച്ച് വിശ്രമകേന്ദ്രം ഒരുക്കിയതായും വനം വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ഫയർഫോഴ്സ് ഫസ്ററ് എയ്ഡ് സംബന്ധിച്ച പരിശീലനം ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും നൽകുന്നതിന് സ്ക്വാഡ് രൂപവത്കരിച്ചതായി അറിയിച്ചു. അയ്യപ്പ സേവാ സംഘത്തിന്റെ സ്ട്രച്ചർ സർവീസ് ഇതുവരെ 747 അത്യാഹിത കേസുകൾ കൈകാര്യം ചെയ്തതായി അയ്യപ്പസേവാ സംഘം ദേശീയ വൈസ് പ്രസിഡന്റ് പി.ബാലൻ അറിയിച്ചു. തങ്ങളുടെ സന്നദ്ധ പ്രവർത്തകർ ഇരിക്കുന്ന ഇ.എം.സികളിൽ 6500 പേർ ഓക്സിജൻ സിലിണ്ടറിന്റെ സഹായം തേടിയതായും അദ്ദേഹം പറഞ്ഞു.

എക്സൈസ് വകുപ്പ് ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ 41 കേസുകൾ എടുത്തു 1,48,600 രൂപ പിഴ ഈടാക്കി. ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ, എസ്ഓ എൻ.വിജയകുമാർ, ഡ്യൂട്ടി മജിസ്ട്രേറ്റ് ആർ.രവീന്ദ്രൻ, ദേവസ്വം പി.ആർ.ഓ മുരളി കോട്ടയ്ക്കകം, ഫെസ്റ്റിവൽ കൺട്രോളർ ജി.എസ്.ബൈജു എന്നിവർ യോഗത്തിൽ സംസാരിച്ചു. ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ യോഗം വിലയിരുത്തി. യോഗത്തിൽ സന്നിധാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ വകുപ്പുകളുടെയും മേധാവികൾ പങ്കെടുത്തു.
കഴിഞ്ഞദിവസം അപ്പാച്ചിമേടിലെ ആശുപത്രിയിൽ അത്യാസന്ന നിലയിൽ എത്തിച്ചേർന്ന രോഗിയെ കൃത്യസമയത്ത് പ്രാഥമി ശുശ്രൂഷ നൽകി സ്ട്രെച്ചറിൽ പമ്പയിലെത്തിച്ച് അവിടെനിന്നും കോട്ടയം മെഡിക്കൽ കോളജിൽ എത്തിച്ചതിനാൽ ജീവൻ രക്ഷിക്കാനായി. ശബരിമലയിൽ ആരോഗ്യവകുപ്പിന്റെ പ്രവർത്തന മികവിനെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

## പതിനേഴ് ജീവനുകൾ രക്ഷിച്ചതിന്റെ ചാരിതാർഥ്യവുമായി ആരോഗ്യവകുപ്പ്

ശബരിമല: മണ്ഡലകാലം ആരംഭിച്ചതുമുതൽ അത്യാസന്ന നിലയിലെത്തിയ 17 ജീവനുകൾ രക്ഷിക്കാനായതിന്റെ ചാരിതാർഥ്യത്തിലാണ് ശബിരിമലയിലെ ആരോഗ്യ വകുപ്പ് അധികൃതർ. ഇതുവരെ ഒരുലക്ഷത്തിലധികം ഭക്തർക്കാണ് വിവിധ ആശുപത്രികളിൽ ചികിത്സ നൽകിയത്. ശബരിമലയിൽ ആരോഗ്യവുകപ്പിന്റെ അഞ്ച് ആശുപത്രികളിലായാണ് ചികിത്സ നൽകുന്നുത്. ഇതിൽ 1400 പേർ ഹൃദയസംബന്ധമായ രോഗങ്ങൾക്കാണ് ചികിത്സ തേടിയത്. നാൽപതിനും അറുപതിനും ഇടയിൽ പ്രായമുള്ളവരാണ് കൂടുതലും ശബരിമലയിലെത്തി രോഗബാധിതരായി മരിച്ചത്. മണ്ഡലകാലം ആരംഭിച്ചതുമുതൽ ഇതുവരെ 17 ഭക്തന്മാരാണ് മരണമടഞ്ഞത്.
ഇന്നലെ രാവിലെ അപ്പാച്ചിമേട്ടിൽ അത്യാസന്ന നിലയിൽ എത്തിച്ച രോഗിയെ അയ്യപ്പസേവാസംഘം പ്രവർത്തകർ സ്ട്രെക്ചറുപോയഗിച്ച് പമ്പയിൽ എത്തിച്ചശേഷം അവിടെനിന്ന് കോട്ടയം മെഡിക്കൽ കോളജിൽ എത്തിക്കുകയായിരുന്നു. ഓക്സിജൻ സിലിണ്ടർ, വെന്റിലേറ്റർ തുടങ്ങി ജീവൻ നിലനിർത്താൻവേണ്ട എല്ലാ സന്നാഹങ്ങളുമായി 20 പേരുടെ സഹായത്തോടെയാണ് രോഗിയെ പമ്പയിൽ എത്തിച്ചത്.

## ഡോളിയിൽ രൂപഭേദംമാറ്റുന്നത് പരിഗണനയിൽ

ശബരിമല: ശബരിമലയിൽ അത്യാസന്ന നിലയിലാകുന്ന ഭക്തന്മാരെ ആശുപത്രിയിലും പമ്പയിലും എത്തിക്കുന്നതിന് ഉപയോഗിക്കാനായി ഇപ്പോഴുള്ള ഡോളി സംവിധാനത്തിൽ രൂപഭേദം വരുത്തുന്നത് പരിഗണനയിലാണെന്ന് ആരോഗ്യ നോഡൽ ഓഫീസർ ഡോ. ജി സുരേഷ്ബാബു പറഞ്ഞു. നിലവിലെ ഡോളിയിൽ അത്യാവശ്യംവേണ്ട ഔഷധങ്ങൾ ഓക്സിജൻ സിലിണ്ടർ, വെന്റിലേറ്റർ തുടങ്ങിയവ ഘടിപ്പിക്കുന്ന സ്ഥിരം സംവിധാനമാണ് പരിഗണിക്കുന്നത്. മാറ്റം വരുത്തിയ ഡോളിസംവിധാനം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംഘത്തെ തയ്യാറാക്കും.

## കഴുതയ്ക്ക് മോക്ഷം നൽകി ട്രാക്ടറുകൾ

ശബരിമല: യൂണിയനില്ല, പ്രതിഷേധമില്ല, പണിമുടക്കില്ല, പ്രക്ഷോഭങ്ങളില്ല, മുതുകിലേറ്റുന്നതെന്തും പമ്പ മുതൽ സന്നിധാനം വരെ പരാതികളും പരിഭവങ്ങളേതുമില്ലാതെ ഏന്തിയും വലിഞ്ഞും സന്നിധാനത്തിലെത്തിക്കുക. ഭക്ഷണം പോലും നേരെ ചൊവ്വെ ലഭിച്ചിരുന്നില്ലെങ്കിലും ധർമ്മശാസ്താവിന്റെ അനുഗ്രഹം കൊണ്ടോ മൃഗാവകാശം ശക്തി പ്രാപിച്ചതുകൊണ്ടോ, 2012ൽ ദേവസ്വം അഡ്മിനിസ്ട്രേറ്ററും കമ്മീഷണറുമായിരുന്ന കെ. ജയകുമാറിന്റെ ശക്തമായ ഇടപെടൽകൊണ്ട് കഴുതയെ ഉപയോഗിച്ചുള്ള ചരക്കുനീക്കം പൂർണ്ണമായി നിർത്തലാക്കി.

ചരക്കുനീക്കം കഴുതയുടെ മുതുകിൽ നിന്ന് ട്രാക്ടറിലേക്ക് മാറിയിട്ട് അരവ്യാഴവട്ടം ആകുന്നതേയുള്ളൂവെങ്കിലും ട്രാക്ടർ ഇന്ന് ശബരിമലയുടെ അവി

ഭാജ്യ ഘടകമാണ്. പൂജാദ്രവ്യങ്ങൾ മുതൽ നിർമ്മാണപ്രവർത്തനത്തിനുള്ള സാമഗ്രികൾവരെ എന്തും ഏതും ഇന്ന്  ട്രാക്ടറിലാണ് പമ്പയിൽ നിന്ന് സന്നിധാനത്തെത്തുന്നത്. പമ്പയിലെത്തുന്ന പച്ചക്കറികളും പലവ്യഞ്ജന ങ്ങളും ഭക്ഷ്യസുരക്ഷ പരിശോധന കഴിഞ്ഞാൽ ഉടൻ ട്രാക്ടറിൽ സന്നിധാ നത്ത് സ്റ്റോറിലെത്തിക്കണം. ഇതിനായി ദേവസ്വം ബോർഡിന്റെ നാലും, ദേവസ്വം ബോർഡ് വാടകയ്ക്കെടുത്ത രണ്ടും, സ്വകാര്യ വ്യക്തികളുടെ 48ഉം ട്രാക്ടർ ഉൾപ്പെടെ 54 എണ്ണമാണ് പമ്പ-സന്നിധാനം റൂട്ടിൽ സർവ്വീസ് നട ത്തുന്നത്. ഒരു ട്രാക്ടർ കുറഞ്ഞത് മൂന്നു മുതൽ അഞ്ച് സർവീസുകൾ വരെ ഒരു ദിവസം നടത്തുന്നു. ട്രാക്ടർ ഒന്നിന്  രണ്ടു വീതം തൊഴിലാളികൾ ഉൾപ്പെടെ 200ഓളം പേരാണ് സേവനം അനുഷ്ഠിക്കുന്നത്. പീരുമേട് ഡിവി ഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്ന് വനപാതയിൽ പ്രവേശിക്കുന്നതി നുള്ള അനുമതിയും, റാന്നി മോട്ടോർ വാഹന വെഹിക്കിൾ ഇൻസ്പെക്ട റുടെ ഗതാഗത നിയമപ്രകാരമുള്ള അനുമതിയോടെയുമാണ് ട്രാക്ടറുകൾ സർവ്വീസ് നടത്തുന്നത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 19 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok


ഹൃദയാഘാതം: ശബരിമല തീർഥാടകൻ മരിച്ചു

ശബരിമല: ശബരിമല ദർശനത്തിനെത്തിയ ചെന്നൈ റായ്പേട്ട രാമസ്വാമി ഗാർഡൻ സ്ട്രീറ്റിൽ പ്രേം കുമാർ(50) നിര്യാതനായി. അപ്പാച്ചിമേട്ടിൽവച്ച് ഉച്ചയ്ക്ക് 2.40 ന് ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. മൃതദേഹം പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ


